# Lamotrigine

പേര് (Generic) : ലാമോട്രൈജിൻ ( Lamotrigine)

Common Brand Names : Lamitor, Lamictal

General category: Mood stabilizer, Anti epileptic

ചരിത്രം :

1994 മുതൽ അപസ്മാരരോഗ ചികിത്സക്ക് ഉപയോഗിച്ചുവന്നിരുന്ന ഈ മരുന്ന് , 2003 മുതൽ മാനസികരോഗചികിത്സക്കു കൂടി ലോകവ്യാപകമായി ഉപയോഗിച്ചു വരുന്നു.. വിഷാദാവസ്ഥയും ഉന്മാദാവസ്ഥയും മാറിമാറി വരുന്ന രോഗങ്ങളിൽ ഈ മരുന്ന് ദീർഘകാലരോഗശാന്തി നൽകുന്നു. ഈ മരുന്ന് ജെനെറിക് ആയി ലഭ്യമാണ്. നിരവധി കമ്പനികൾ ഇത് വ്യത്യസ്ത പേരുകളിൽ മാർക്കറ്റിൽ ലഭ്യമാക്കുന്നു.

പ്രധാന ഉപയോഗം എന്താണ് ?

വിഷാദവും ഉന്മാദവും മാറിമാറി വരുന്ന രോഗങ്ങളിൽ രോഗചികിത്സക്കും പ്രതിരോധത്തിനും ഫലപ്രദമാണ്. കൂടാതെ അപസ്മാര രോഗം , നാഡീഞരമ്പ് സംബന്ധമായ വേദനകൾ എന്നിവയുടെ ചികിത്സക്കും ഈ മരുന്ന് ഉപയോഗിക്കുന്നു.

കടുത്ത വികാരാവസ്ഥകൾ മാറിമാറി വരുന്നവരിൽ വികാരസ്ഥിരത നൽകുന്നു. പെരുമാറ്റവും പ്രവർത്തികളും സാധാരണ നിലയിലാക്കാൻ സഹായിക്കുന്നു.

എങ്ങനെയാണ് ഈ മരുന്ന് പ്രവർത്തിക്കുന്നത് ?

മരുന്ന് രക്തത്തിലൂടെ തലച്ചോറിൽ എത്തുന്നു. ചിന്തകളുടേയും വികാരങ്ങളുടേയും പ്രവർത്തികളുടേയും അടിസ്ഥാനമായ തലച്ചോറിലെ സർക്യൂട്ടുകളിൽ മരുന്ന് മാറ്റങ്ങൾ വരുത്തുന്നു. ഈ മാറ്റങ്ങൾ മനസികാവസ്ഥയെ സാധാരണ നിലയിലാക്കാൻ സഹായിക്കുന്നു.

കഴിക്കും മുൻപ് നിങ്ങൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തൊക്കെ ?

ഈ മരുന്നു കഴിച്ച് എന്തെങ്കിലും അലർജിയോ കഠിനമായ പാർശ്വഫലങ്ങളോ പണ്ടുണ്ടായിട്ടുണ്ടെങ്കിൽ അക്കാര്യം ഡോക്ടറോട് പറയണം. ഗർഭിണികളും പാലൂട്ടുന്ന അമ്മമാരും ഇക്കാര്യം ഡോക്ടറെ ഓർമ്മപ്പെടുത്തണം. കുട്ടികളിലും പ്രായമായവരിലും അളവ് കുറക്കേണ്ടി വരുമെന്ന് ഓർമിക്കണം . കരൾ രോഗങ്ങൾ ഉള്ളവരിലും വൃക്കരോഗങ്ങൾ ഉള്ളവരിലും ഈ മരുന്ന് കുറഞ്ഞ ഡോസിലേ ഉപയോഗിക്കാൻ

© Institute for Mind and Brain (Inmind), Thrissur: 04884239000.

സാധിക്കു .

## ഈ മരുന്ന് നിർദ്ദേശിക്കുന്നതിനു മുൻപേ നിങ്ങളുടെ ഡോക്ടർ എന്തൊക്കെ വിലയിരുത്തും ?

നിങ്ങളുടെ ശാരീരിക ആരോഗ്യം ഡോക്ടർ വിലയിരുത്തും. നിങ്ങൾ കഴിക്കുന്ന മറ്റു മരുന്നുകളും ഡോക്ടർ വിശകലനം ചെയ്യും. കരൾ രോഗങ്ങൾ, വൃക്ക രോഗങ്ങൾ എന്നിവ ഉള്ളവരിൽ മരുന്നു തുടങ്ങുന്നതിനു മുൻപേ പ്രത്യേക പരിശോധനകൾ ആവശ്യമായി വരാം. കമ്പ്ലീറ്റ് ബ്ലഡ് കൌണ്ട് ( complete blood count), കരളിന്റെ പ്രവർത്തനം (Liver function test ), വൃക്കയുടെ പ്രവർത്തനം (renal function test) തുടങ്ങിയവ ഡോക്ടർ പരിശോധിക്കാൻ നിർദേശിച്ചെന്ന് വരാം .

## ഈ മരുന്ന് കഴിക്കാൻ തുടങ്ങുന്നത് ഒട്ടും അഭികാമ്യമല്ലാത്തത് എപ്പോൾ?

1. മരുന്നിനോട് പ്രത്യേക അലർജിയുണ്ടെങ്കിൽ.
2. കരളിന്റെ പ്രവർത്തനത്തിൽ കാര്യമായ തകരാർ ഉണ്ടെങ്കിൽ.
3. ചില പ്രത്യേക തരത്തിലുള്ള ഹൃദ്‌ രോഗങ്ങൾ ഉള്ളവരിൽ.

## മരുന്നിന്റെ ഡോസ് എങ്ങനെയാണ് ?

ഗുളിക, ദിവസേന 25mg ഡോസിൽ ആണ് സാധാരണ തുടങ്ങാറുള്ളത്. രോഗാവസ്ഥയനുസരിച്ചു രണ്ടാഴ്ച്ചകൂടുമ്പോൾ 25-50 mg വെച്ച് കൂട്ടുന്നു. പരമാവധി 200mg ഡോസ് വരെ കൊടുക്കാം. ഈ മരുന്നിന്റെ രക്തത്തിലെ അളവിൽ വ്യതിയാനം വരുത്തുന്ന മറ്റു മരുന്നുകൾ കൂടെ കഴിക്കുന്നുണ്ടെങ്കിൽ ഡോസിൽ ചില മാറ്റങ്ങൾ വരുത്തിയേക്കാം.

## ഈ മരുന്ന് ഏതെല്ലാം രൂപത്തിൽ ലഭ്യമാണ് ?

ഗുളിക രൂപത്തിലാണ് ഈ മരുന്ന് സാധാരണ ലഭിക്കാറുള്ളത്. ഗുളിക തന്നെ ഉടൻ റിലീസ് (immediate release) ചെയ്യുന്നതും, സാവധാനം റിലീസ് (prolonged release) ചെയ്യുന്നതുമായി രണ്ടു തരത്തിൽ ഉണ്ട്. ദ്രാവക രൂപത്തിലും ലഭ്യമാണ് .

## സാധാരണ കഴിക്കുന്ന രീതി എന്താണ് ?

ഒരു നേരമോ രണ്ടു നേരമോ ആയി കഴിക്കാം. ഭക്ഷണത്തിന്റെ കൂടെയോ അല്ലാതെയോ കഴിക്കാം.

## സാധാരണ പാർശ്വഫലങ്ങൾ എന്തൊക്കെ ?

പലപ്പോഴും യാതൊരു വിധ പ്രശ്നങ്ങളും ഉണ്ടാകാറില്ല. ക്ഷീണം, നെഞ്ച് എരിച്ചിൽ, ഛർദ്ദി, കാഴ്ച മങ്ങൽ, നടക്കുമ്പോൾ വീഴാൻ പോകൽ, തൊലിപ്പുറത്ത് തടിപ്പ് എന്നിവ ഉണ്ടാകാം.

© Institute for Mind and Brain (Inmind), Thrissur: 04884239000.

## ഡോക്ടറെ ഉടൻ അറിയിക്കേണ്ട സന്ദർഭങ്ങൾ എന്തൊക്കെ ?

അപൂർവ്വമായി കാണുന്ന ചില പ്രയാസങ്ങൾ ആണിവ. അപൂർവ്വം എങ്കിലും അപകടകരമായതിനാൽ ഇവ എടുത്തു പറയുന്നു എന്ന് മാത്രം.

1. ശാരീരികമായ കടുത്ത അസ്വസ്ഥതകൾ.
2. മരുന്ന് തുടങ്ങി അധികം കഴിയാതെ കടുത്ത ചൊറിച്ചിൽ, വായക്ക് അകവും പുറവും തൊലി ചുവന്നുവരിക, തൊലി പൊട്ടുക തുടങ്ങിയവ മരുന്നിനോടുള്ള അലർജി ആവാം.
3. പനി, തൊണ്ടവേദന, വിളർച്ച, മുറിവ് പറ്റിയാൽ രക്തം കൂടുതൽ പോകുക, തോലിപുറത്തു രക്തം കട്ടപിടിച്ച പാടുകൾ ഉണ്ടാവുക തുടങ്ങിയവ രക്തത്തിലെ അണുക്കൾ കുറയുന്ന അസുഖത്തിന്റെ ലക്ഷണമായിരിക്കാം.

ഇത്തരം പ്രയാസങ്ങൾ ഏതെങ്കിലും കണ്ടാൽ മരുന്ന് നിർത്തി ഉടനെ തന്നെ ഡോക്ടറുമായി ബന്ധപ്പെടണം.

## സാധാരണ പാർശ്വഫലങ്ങൾ കണ്ടാൽ എന്ത് ചെയ്യണം ?

സാധാരണയായി കാണുന്നവ ( ക്ഷീണം, നെഞ്ച് എരിച്ചിൽ, ഛർദ്ദി) എന്നിവ കുറച്ചു ദിവസങ്ങൾക്കുള്ളിൽ കുറയുകയും അപ്രത്യക്ഷമാവുകയും ചെയ്യും. ശരീരം മരുന്നിനോട് പൊരുത്തപ്പെടുവാൻ ചിലപ്പോൾ കുറച്ചു ദിവസങ്ങൾ എടുത്തേക്കാം. അങ്ങനെ കുറയുന്നില്ല എങ്കിൽ ചിലപ്പോൾ ഡോസ് കുറക്കേണ്ടി വരും. ചിലപ്പോൾ അനുഭവപെടുന്ന പ്രയാസങ്ങൾ മാനസിക പ്രശ്നത്തിന്റെ തന്നെ ഭാഗമാണോ എന്നും നോക്കണം .

## മറ്റു മരുന്നുകൾ കഴിക്കുമ്പോൾ ശ്രദ്ധിക്കേണ്ടത് എന്തെല്ലാം ?

പൊതുവിൽ ഈ മരുന്ന് മറ്റു മരുന്നുകളോടൊപ്പം സുരക്ഷിതമായി കഴിക്കാം. എങ്കിലും ചില മരുന്നുകൾ രക്തത്തിലെ Lamotrigine ന്റെ അളവിൽ വ്യതിയാനം വരുത്തുന്നു. തിരിച്ചും സംഭവിക്കാം. ഇവയിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടത് sodium valproate , carbamazepine എന്നിവ ഉൾപ്പടെയുള്ള അപസ്മാരരോഗ മരുന്നുകൾ കഴിക്കുമ്പോൾ ആണ്.

## ഗർഭിണികൾക്ക് കഴിക്കാമോ ?

മരുന്നു കഴിക്കാതിരുന്നാൽ മാനസികരോഗം കൂടുകയും അത് ജനിക്കാനിരിക്കുന്ന കുഞ്ഞിനെ ദോഷകരമായി ബാധിക്കുകയും ചെയ്യാം. മരുന്ന് കഴിച്ചാലുള്ള ഗുണങ്ങളും ദോഷങ്ങളും ഡോക്ടറുമായി സംസാരിച്ചു തീരുമാനം എടുക്കുക. ഗുണകരമായ കാര്യങ്ങൾ ഉണ്ടെങ്കിൽ കഴിക്കുക .

© Institute for Mind and Brain (Inmind), Thrissur: 04884239000.

## പാലൂട്ടുന്ന അമ്മമാർക്ക് കഴിക്കാമോ?

പാലിൽ ഈ മരുന്ന് വന്നേക്കാം . കഴിക്കുന്നത് കൊണ്ടുള്ള ഗുണങ്ങൾ നോക്കി ഡോക്ടറുടെ നിർദ്ദേശം അനുസരിച്ച് കഴിക്കുക.

## കഴിക്കുമ്പോൾ പാലിക്കേണ്ട കാര്യങ്ങൾ എന്തൊക്കെ ?

ഭക്ഷണം മരുന്നിനെ ബാധിക്കില്ല . മദ്യപാനവും പുകവലിയും ഒഴിവാക്കണം. നിർദ്ദേശിച്ച അളവിൽ മാത്രം മരുന്ന് കഴിക്കുക. ഈ മരുന്ന് കഴിച്ചുകൊണ്ടിരിക്കുമ്പോൾ മറ്റെന്തെങ്കിലും ചികിത്സ കൂടുതലായി എടുക്കുകയാണെങ്കിൽ നിങ്ങളുടെ സൈക്യാട്രിസ്റ്റിനെ അത് അറിയിക്കേണ്ടതാണ്.

## മരുന്ന് സൂക്ഷിക്കേണ്ട വിധം

2 5 ഡിഗ്രിക്ക് താഴെയുള്ള താപനിലയിൽ സൂക്ഷിക്കുക.

## എത്ര കാലം മരുന്ന് കഴിക്കണം ?

ഡോക്ടർ പറയാതെ  നിർത്തരുത്. ഇത് രോഗം വീണ്ടും പ്രത്യക്ഷപ്പെടുവാൻ ഇടയാക്കിയേക്കാം. ചിലപ്പോൾ കൂടുതൽ കാലം കഴിക്കേണ്ടി വന്നേക്കാം. മാനസിക പ്രശ്നങ്ങൾ വീണ്ടും വരാതിരിക്കാൻ നീണ്ട കാലം കഴിക്കുന്നവരുണ്ട്. . ഈ മരുന്ന് കൊണ്ട് പ്രതീക്ഷിച്ച ഗുണം കിട്ടിയില്ലെങ്കിൽ അക്കാര്യം ഡോക്ടറുമായി ചർച്ച ചെയ്യുക.

## ഈ മരുന്ന് ഉപയോഗിക്കുന്നവർ  ഇതിനു ' അഡിക്റ്റഡ് ' ആകുമോ ?

ഇത് വളരെ സാധാരണമായ സംശയം തന്നെയാണ് . ഈ മരുന്ന് ഉപയോഗിക്കുന്നത് വഴി ഇതിനു 'അഡിക്റ്റഡ്' ആകുവാൻ സാദ്ധ്യതയില്ല എന്നത് ഇവിടെ എടുത്തു പറയേണ്ടിയിരിക്കുന്നു. എങ്കിലും ഈ മരുന്ന് നിർത്തുന്നത് ഡോക്ടറുടെ ഉപദേശ പ്രകാരം ഡോസ് ക്രമേണ കുറച്ചു തന്നെയായിരിക്കണം .

## ഈ മരുന്ന് എനിക്ക് സ്വയം ഉപയോഗിക്കാമോ ?

വൈദ്യോപദേശ പ്രകാരം മാത്രം ഉപയോഗിക്കപ്പെടേണ്ട  ഒരു ' prescription only ' മരുന്നാണ് ഇത്. ഈ മരുന്ന് ഉപയോഗിക്കുന്നതിന്റെ ഔചിത്യം, യുക്തി, ശാരീരികമാനസിക ഫലങ്ങൾ പാർശ്വഫലങ്ങൾ എന്നിവ വിശദമായി വിലയിരുത്തി മാത്രമായിരിക്കും ഡോക്ടർ ഇത് നിർദ്ദേശിക്കുന്നത് .

© Institute for Mind and Brain (Inmind), Thrissur: 04884239000.